ഉത്തരം

(എ) ആരംഭിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതിയുടെ കിണർ, പമ്പ് ഹൗസ്, റോ വാട്ടർ പമ്പിംഗ് മെയിൻ, ട്രാൻസ്ഫോർമർ, പവർലൈൻ എക്സ്ടെൻഷൻ, ഭൂതല സംഭരണി എന്നിവ പൂർത്തീകരിച്ചു. 2.50 എം.എൽ.ഡി. ശേഷിയുള്ള ശുദ്ധീകരണ ശാലയുടെ പണി ആരംഭിച്ചു. ഭാഗികമായി വിതരണ ശൃംഖല സ്ഥാപിക്കാനുള്ള (സോൺ II) പ്രവൃത്തിയുടെ ടെണ്ടറിന് അംഗീകാരം നൽകുന്നതിനുള്ള നടപടി എടുത്തുവരുന്നു. ബാക്കി വരുന്ന വിതരണ ശൃംഖല സ്ഥാപിക്കാനുള്ള പ്രവൃത്തിയുടെ ഒരു പ്രൊപ്പോസലിന് (145 ലക്ഷം രൂപയുടെ) 5-6-2010-ൽ ചേർന്ന എസ്.എൽ.എസ്.സി. മീറ്റിംഗിൽവച്ച് അംഗീകാരം നൽകിയിട്ടുണ്ട്.

(സി) 40250 പേർക്ക് പ്രയോജനം ലഭിക്കുന്നതാണ്.

(ഡി) ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ 31-12-2011-ൽ പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. ബാക്കിയുള്ള വിതരണശൃംഖലയുടെ പ്രവൃത്തിക്ക് ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**വാട്ടർ കാർഡ് വിപുലപ്പെടുത്തുന്നതിന് നടപടി**

**146 (1874)** ശ്രീ. യു. സി. രാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സി.ഡബ്ല്യു.ആർ.ഡി.എം. മുഖേന കുന്ദമംഗലത്ത് കിണറുകളിലെ വെള്ളം പരിശോധിച്ച് വാട്ടർ കാർഡ് നടപ്പിലാക്കിയ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) വാട്ടർ കാർഡ് സംസ്ഥാനത്തുടനീളം നടപ്പാക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(സി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി&സി) ഇതുസംബന്ധിച്ച് ലഭിച്ച പദ്ധതി നിർദ്ദേശം വിശദമായി പരിശോധിച്ച് നടപടി സ്വീകരിച്ചുവരികയാണ്.

**വെന്നിയൂർ ശുദ്ധജല വിതരണ ഇംപ്രൂവ്മെന്റ് പദ്ധതി**

**147 (1875)** ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരൂരങ്ങാടിമണ്ഡലത്തിലെ വെന്നിയൂർ ശുദ്ധജല വിതരണ ഇംപ്രൂവ്മെന്റ് പദ്ധതിയുടെ ഇപ്പോഴത്തെ അവസ്ഥ എന്താണ് ;

(ബി) പ്രസ്തുത പദ്ധതിയുടെ പണി എന്നത്തേയ്ക്ക് പൂർത്തീകരിക്കാനാകുമെന്ന് വെളിപ്പെടുത്തുമോ ?

LIBRARY-ARCHIVES Kerala Legislative Assembly